LIBRARY ARCHIVES Kerala Legislative Assembly

ടെസ്റ്റുകൂടി പാസായാൽ മാത്രമേ Proficiency Test Certificate നൽകാൻ കഴിയുകയുള്ളൂ. അത് ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കി ലൈസൻസ് ലഭ്യമാക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. National Skill Development Corporation (NSDC) and Standardization Testing and Quality Certification (STQC) Guidance and Requirements എന്നിവയ്ക്കനുസൃതമായി വിഭാവനം ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് കേന്ദ്രങ്ങളിലെ പരിശീലനവും ടെസ്റ്റിംഗ് രീതികളും റൂൾ 31(എഫ്) പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയില്ലെന്ന് കാണുന്ന പക്ഷം റൂൾ 31(ജി) പ്രകാരം നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

(സി) പ്രസ്തുത നിയമത്തിൽ കർശനമായി പാലിച്ചുവന്ന എട്ട്, എച്ച് തുടങ്ങിയ പ്രായോഗിക ടെസ്റ്റുകൾ ഒഴിവാക്കി ലഘുവായ പരീക്ഷകൾ മാത്രമാക്കി ചുരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഡ്രൈവിംഗ് നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

(സി&ഡി) കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർവാഹന നിയമത്തിൽ 8, H തുടങ്ങിയ പ്രായോഗിക ടെസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ 8, H എന്നീ ടെസ്റ്റുകൾ നടത്തിവരുന്നത്. കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത ചട്ടത്തിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ടെസ്റ്റ് നടത്തിയതിനുശേഷം മാത്രമെ Proficiency Test Certificate നൽകുകയുള്ളൂ. ഇതുപ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 8, H ടെസ്റ്റുകൾ തുടരുന്നതാണ്.

ചെറുകിട, നാമമാത്ര കർഷകർക്ക് ആശ്വാസ പദ്ധതികൾ

21 (*411) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട, നാമമാത്ര കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക വായ്പയുടെ മൊറട്ടോറിയം കാലാവധി 2021 ജൂലൈ ഒന്ന് മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിയിലും 776.42 കോടി രൂപയുടെ വിവിധ പദ്ധതികളാണ് സംസ്ഥാനത്തെ കർഷകരുടെ ഉന്നമനത്തിനായി 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തി നിർവ്വഹണം നടത്തി വരുന്നത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന് വലിയ രീതിയിൽ സഹായകരമായിരിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 400.00 ലക്ഷം രൂപയും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300.00 ലക്ഷം രൂപയും 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികളിലൂടെ കർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാധിക്കുന്നു.

(സി) കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറുകിട കർഷകരെ സഹായിക്കാൻ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായങ്ങൾ സമയബന്ധിതമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ സർക്കാർ നൽകിവരുന്നു. അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്തു നടപ്പിലാക്കുന്ന ജൈവ ഗ്രാമം-സംയോജിത പദ്ധതിയിലൂടെ കർഷക വരുമാനം വർദ്ധിപ്പിക്കാനും വർഷം മുഴുവൻ കർഷകന് വരുമാനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. 16 ഇനം പഴം-പച്ചക്കറികൾക്ക് താങ്ങുവില ഏർപ്പെടുത്തുക വഴി കോവിഡ് കാലത്ത് കർഷകർക്കൊരു കൈത്താങ്ങായിട്ടുണ്ട്. വിവിധ വിപണി ഇടപെടൽ പദ്ധതികളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഈ കാലത്ത് ന്യായമായ വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. 2021 മാർച്ച് 1-നും ജൂൺ 30-നും

LIBRARY ARCHIVES Kerala Legislative Assembly

ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിന് 2021 ജൂൺ 30 വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും കേരള ബാങ്കിന് 1670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട്-2 (SLF-2) ആയി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-8-2018 വരെ എടുത്തിട്ടുള്ള വായ്പകളും മറ്റ് 12 ജില്ലകളിലെ കർഷകർ 31-3-2014 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 (രണ്ട്) ലക്ഷം രൂപ വരെ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ 1-ാം ആക്ട്)-ലെ വ്യവസ്ഥകൾക്ക് വിധേയമായി കർഷക കടാശ്വാസ കമ്മീഷനിൽനിന്നും കടാശ്വാസം അനുവദിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

22 (*412) ശ്രീമതി ദെലീമ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.